ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, കള്ളക്കളി എന്നുള്ളതു് പിൻവലിക്കേണ്ടതാണു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എപ്പോഴും കള്ളക്കളിയെന്നു ജപിച്ചുകൊണ്ടിരിക്കുന്ന മാന്യ മെമ്പറിൽനിന്നു് വേറെ ചോദ്യം വരുകയില്ലെന്നു് ഞങ്ങൾക്കറിയാം.

ശ്രീ. കെ. എം. ജോർജ്ജു്: 240 ദിവസം ജോലിയെടുത്ത ആളുകളെ സ്ഥിരപ്പെടുത്താതെയുണ്ടു്. അപ്പോൾപ്പിന്നെ ആളുകൾ തികയാതെ വന്നു എന്നു പറയുന്നതിനകത്തു് എന്തോ മറിമായമുണ്ടെന്നാണു് ഞാൻ പറഞ്ഞതു്. 240 ദിവസം പണി എടുത്തവരെ സ്ഥിരപ്പെടുത്തണമെന്നു പറഞ്ഞു് സമരംവരെ നടക്കുന്നുണ്ടു്. അപ്പോൾപ്പിന്നെ ഇതിന്റെ പൊരുളെന്താണെന്നറിഞ്ഞാൽ കൊള്ളാം.?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: 240 ദിവസം ജോലി എടുത്തിട്ടുള്ള ആളുകളെ റഗുലറൈസു ചെയ്യുക എന്നുള്ള ഒരു സംപ്രദായമാണുള്ളതു്. റഗുലറൈസു ചെയ്ത പട്ടികയിൽ അവരുടെ പേരു് രജിസ്റ്റർ ചെയ്തിട്ടുണ്ടു്. ആ ലിസ്റ്റിൽനിന്നാണു് സ്ഥിരപ്പെടുത്തുന്നതു്. ഇങ്ങനെ സ്ഥിരപ്പെടുത്തുന്നതു് സ്ഥിരം സീറുകളിലേക്കായിരിക്കും. അതുകൊണ്ടു് സ്ഥിരം സീറുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ടു ചെയ്യുകയാണു്.

വെൽഫെയർ ഫണ്ടു്

* 219 [775] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ :

കർഷകത്തൊഴിലാളികൾക്കു് ഒരു "വെൽഫെയർ ഫണ്ടു്" രൂപീകരിക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): തൽക്കാലം ഉദ്ദേശമില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: കാർഷികത്തൊഴിലാളികളേക്കാൾ കൂടുതൽ വരുമാനമുള്ള ആളുകൾക്കു് ഈ മാതിരിയുള്ള ക്ഷേമനിധി ഏർപ്പെടുത്താൻ തയ്യാറായിട്ടുള്ള ഗവണ്മെൻറു് നമ്മുടെ നാട്ടിലെ വരുമാനം കുറഞ്ഞവരും ജോലി എല്ലാ ദിവസവും കിട്ടാത്തവരുമായ കാർഷികത്തൊഴിലാളികൾക്കു് ഇത്തരം ഒരു ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ലെന്നു പറയുന്നതിൽ താൽക്കാലികമായ പ്രത്യേക വല്ല കാരണവും ഉണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: കാരണം പറയാൻ നിവൃത്തിയില്ല. അങ്ങനെയൊരു കാര്യം ആലോചിച്ചിട്ടില്ലെന്നു പറഞ്ഞാൽ ആലോചിക്കാത്തതിനു് കാരണം കണ്ടുപിടിക്കാൻ പ്രയാസമാണു്. അതിനു് പല പ്രതിബന്ധങ്ങളുമുണ്ടു്. ഒന്നാമതു് അവരുടെ ജോലിസ്വഭാവംകൊണ്ടും രണ്ടാമതു് വേതന വ്യവസ്ഥയിലുള്ള അഴിഞ്ഞ നിലവാരംകൊണ്ടും, വലിയൊരു ഫണ്ടുണ്ടാക്കത്തക്ക രീതിയിൽ കാർഷികത്തൊഴിലാളികളിൽനിന്നും, അവർക്കു് ജോലി കൊടുക്കുന്നവരിൽനിന്നും സംഭാവനകൾ പിരിച്ചു് നടത്താൻ പ്രയാസമായതുകൊണ്ടുമാണു് തൽക്കാലം അതേക്കുറിച്ചു് ആലോചിക്കാത്തതു്. പിന്നീടു് ആലോചിക്കാമെന്നുള്ളതാണു് അതിൽ അന്തർലീനമായിട്ടുള്ള കാര്യം.

LIBRARY ARCHIVES Kerala Legislative Assembly